**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കീം –2020

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം– ഓൺലൈൻ അപേക്ഷാ സമർപ്പണം– 2020 അവസാന തീയതി സംബന്ധിച്ച്

2020–21 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ, പ്രവേശനപരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാനുള്ള അവസാന തീയതി **2020 ഫെബ്രുവരി 25** ആണ്. **അപേക്ഷകർ നേറ്റിവിറ്റി, ജനനത്തീയതി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ 2020 ഫെബ്രുവരി 25–നകം നിർബന്ധമായും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.** നേറ്റിവിറ്റി, ജനനത്തീയതി എന്നിവ ഒഴികെയുള്ള മറ്റ് രേഖകൾ അപ് ലോഡ് ചെയ്യുന്നതിന് **2020 ഫെബ്രുവരി 29, വൈകുന്നേരം 5.00** മണി വരെ സമയം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനും അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിനുമുള്ള സമയം യാതൊരു കാരണവശാലും നീട്ടി നൽകുന്നതല്ല. അപൂർണ്ണവും അവ്യക്തവുമായ അപേക്ഷകൾ യാതൊരു കാരണവശാലും സംവരണം/ആനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല. നിശ്ചിത തീയതിയ്ക്കു ശേഷം സമർപ്പിക്കുന്ന അപേക്ഷകളോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നേരിട്ടോ തപാലിലോ ലഭിക്കുന്ന അപേക്ഷകളോ പ്രവേശനത്തിനായി യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷകന് ഏതെങ്കിലും ഒരു കോഴ്സിനോ/ എല്ലാ കോഴ്സുകളിലേയ്ക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. 2020–ലെ സംസ്ഥാന പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷകർ വായിച്ച് മനസിലാക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**
01.02.2020 മുതൽ 29.02.2020 വരെ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണി വരെ പ്രവർത്തിക്കുന്നതാണ്.

**സിറ്റിസൺസ് കോൾ സെന്റർ നമ്പർ: 155300, 0471-2335523**
ദേശീയ അവധി ദിവസങ്ങളൊഴികെ 24 മണിക്കൂറും കോൾ സെന്റർ സേവനം ലഭ്യമാണ്.

തിരുവനന്തപുരം
05.02.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**